പ്രകാശവചനം

അബൂദർറ് എടയൂർ

# തിരശ്ശീലക്ക് പിന്നിൽ നിൽക്കുന്നവർ

عَن مُعَاذْ بن جبَل قَالَ سَمِعْتُ رَسُولَ ﷺ، يَقُولُ: إنّ يَسِيرَ الرِّيَاءِ شِركٌ، إنّالله يُحبّ الأَبْرارَ الأتقِيَاءَ الأَخْفِيَاءَ، الّذِينَ إذا غابُوا لَمْ يُفْتَقَدُوا ،وَإِنْ حضَرُوا لَمْ يُدْعَوْا وَلَمْ يُعْرَفُوا ، قُلُوبُهُمْ مَصَابِيحُ الهُدَى ، يَخْرُجُونَ مِنْ كُلِّ غَبْرَاءٍ مُظْلِمَةٍ

**മുആദുബ്നു ജബലി(റ)ൽ നിന്ന് നിവേദനം. പ്രവാചകൻ(സ) പറഞ്ഞതായി ഞാൻ കേട്ടു: പ്രകടനപരതയിൽ ഏറ്റവും നിസ്സാരമായതു പോലും ശിർക്കാണ്. കർമങ്ങൾ രഹസ്യമാക്കിവെക്കുന്ന സൂക്ഷ്മാലുക്കളായ പുണ്യവാന്മാരെ അല്ലാഹു ഇഷ്ടപ്പെടുന്നു. അവർ ഒരു സദസ്സിൽ വന്നിട്ടില്ലെങ്കിൽ ആരും അന്വേഷിക്കുകയില്ല. ഇനി വന്നാൽ തന്നെ ആരും അവരെ തിരിച്ചറിയുകയുമില്ല. അവരുടെ ഹൃദയങ്ങൾ സന്മാർഗത്തിന്റെ ദീപങ്ങളാണ്. എല്ലാ അന്ധകാരാവൃതമായ പൊടിപടലങ്ങളിൽ നിന്നും അവർ രക്ഷപ്പെടുന്നു (ഇബ്നുമാജ).**

ഉമർ(റ) ഒരിക്കൽ മസ്ജിദുന്നബവിയിൽ വന്നപ്പോൾ പ്രവാചകന്റെ ഖബ്റിനു സമീപം മുആദുബ്നു ജബൽ(റ) കരഞ്ഞുകൊണ്ടിരിക്കുന്നത് കാണാനിടയായി. അന്നേരം ഉമർ(റ) ചോദിച്ചു: അല്ലയോ മുആദ്, എന്തിനാണ് താങ്കൾ കരയുന്നത്? മുകളിലുദ്ധരിച്ച നബിവചനമായിരുന്നു അദ്ദേഹത്തിന്റെ മറുപടി. ഇഖ്ലാസിൽ കളങ്കമുണ്ടാവുന്നത് എത്ര പേടിയോടെയാണ് സ്വഹാബികൾ കണ്ടിരുന്നത് എന്നതിന്റെ ഉത്തമോദാഹരമാണിത്.

തിരശ്ശീലക്ക് പിന്നിൽ നിന്ന് ഇസ്ലാമിനെ സേവിക്കുന്ന ഒരുപാട് ആളുകളുണ്ട്.അവർ പലപ്പോഴും പ്രസിദ്ധരായിരിക്കണമെന്നില്ല. അവർ പ്രശസ്തി ആഗ്രഹിക്കുന്നുമുണ്ടാകില്ല. ഒരു സംരംഭത്തെയോ സംഘടനയെയോ സ്ഥാപനത്തെയോ കെട്ടിപ്പടുക്കുകയും വളർത്തുകയും ചെയ്യുന്ന പ്രക്രിയയിൽ അവർ നിസ്തുലമായ പങ്ക് വഹിച്ചിട്ടുണ്ടാവും. അത് പുറത്തു പറയാതിരിക്കാൻ അവർ പ്രത്യേകം ശ്രദ്ധിക്കുകയും ചെയ്യും. അത്തരക്കാരെ അല്ലാഹുവിന് വല്ലാത്ത ഇഷ്ടമാണെന്നാണ് പ്രവാചകൻ പഠിപ്പിക്കുന്നത്.

മുസ്ലിംകൾ കോൺസ്റ്റാന്റിനോപ്പിൾ കോട്ട ഉപരോധിച്ച സമയത്ത്, സേനാനായകനായ മസ്ലമത്തുബ്നു അബ്ദിൽ മലിക് തന്റെ സൈന്യത്തോട് ചോദിച്ചു: നമുക്ക് അകത്തേക്ക് കടക്കാൻ ഇനി ഒരൊറ്റവഴിയേ ഉള്ളൂ. അതായത്, അവർ മാലിന്യങ്ങൾ പുറത്തേക്ക് ഒഴുക്കുന്ന അഴുക്ക് ചാലിലൂടെ ആരെങ്കിലും ഉള്ളിൽ കയറിപ്പറ്റണം. എന്നിട്ട് കോട്ടയുടെ വാതിൽ തുറക്കണം. ഉടനെ മുഖംമൂടിയണിഞ്ഞ ഒരാൾ തയാറായി മുന്നോട്ടു വന്നു. മസ്ലമ പറഞ്ഞു: താങ്കൾ ശഹീദായാൽ സ്വർഗം ലഭിക്കും. ഇനി അല്ലാഹു താങ്കളെ രക്ഷപ്പെടുത്തുകയാണെങ്കിൽ എത്രയും പെട്ടെന്ന് വാതിൽ തുറക്കണം. അയാൾ ഉള്ളിൽ കയറി വാതിൽ തുറന്നു. മുസ്ലിം സൈന്യം അകത്തു പ്രവേശിച്ചു. പിന്നീട് മസ്ലമ ആ വ്യക്തിയെ അന്വേഷിച്ചു. പക്ഷേ എവിടെയും കണ്ടില്ല. രണ്ടു മൂന്ന് ദിവസം അന്വേഷണം തുടർന്നു. ഒടുവിൽ മുഖംമൂടി ധരിച്ച ഒരാൾ വന്നുകൊണ്ട് പറഞ്ഞു: 'ഞാൻ നിങ്ങൾ അന്വേഷിക്കുന്ന ആളുടെ ദൂതനാണ്. മൂന്ന് വ്യവസ്ഥകൾ താങ്കൾ അംഗീകരിക്കുകയാണെങ്കിൽ അയാൾ താങ്കൾക്കു മുന്നിൽ വരും. ഒന്ന്, ആ പ്രവർത്തനത്തിന് പ്രതിഫലം നൽകരുത്. രണ്ട്, അതിന്റെ പേരിൽ സൈന്യത്തിൽ പ്രത്യേക സ്ഥാനം നൽകരുത്. മൂന്ന്, ആ വിവരം ഖലീഫയെ അറിയിക്കരുത്.' മസ്ലമ അവ അംഗീകരിച്ചു. അന്നേരം അയാൾ മുഖം വെളിവാക്കിപ്പറഞ്ഞു: അത് ഞാൻ തന്നെയായിരുന്നു.

ഒരു ദിവസം രാത്രി ഖലീഫ ഉമർ(റ) പാത്തും പതുങ്ങിയും ഒരു വീട്ടിലേക്ക് കയറിപ്പോവുകയായിരുന്നു. ആരും കാണാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. പക്ഷേ, എന്തോ ആവശ്യത്തിന് പുറത്തിറങ്ങിയ ത്വൽഹ(റ) അദ്ദേഹത്തെ കണ്ടു. ത്വൽഹക്ക് സംശയമായി. ഖലീഫ ആരും കാണാതെ ഈ പാതിരാവിൽ.... ത്വൽഹ നേരം വെളുത്ത ഉടനെ ആ വീട്ടിലേക്ക് കയറിച്ചെന്നു. അവിടെ അന്ധയായ ഒരു വൃദ്ധസ്ത്രീയെയാണ് കാണാൻ കഴിഞ്ഞത്. ഇന്നലെ ഇവിടെ ആരെങ്കിലും വന്നിരുന്നോ? ത്വൽഹ ആ വൃദ്ധയോട് അന്വേഷിച്ചു. അതെ.... അയാൾ എന്നും വരാറുണ്ട്. ഇവിടത്തെ വിസർജ്യങ്ങളും മാലിന്യവുമെല്ലാം വൃത്തിയാക്കിയ ശേഷം പോവുകയും ചെയ്യും.

അല്ലാഹുവുമായി ഹൃദയത്തെ ബന്ധിപ്പിക്കുകയും ഭൂമിയിലൂടെ നടക്കുകയും ചെയ്യുന്ന ഇത്തരം ആളുകളെ അല്ലാഹുവിന് വളരെ ഇഷ്ടമാണ്. അവർ ഒരിക്കലും പേരും പ്രശസ്തിയും ഉദ്ദേശിക്കുകയില്ല. അതിനാൽ എന്നെ ആരും പരിഗണിക്കുന്നില്ലല്ലോ എന്ന വിചാരത്താൽ നിരാശപ്പെടുന്ന അവസ്ഥ അവർക്കുണ്ടാവില്ല. കാരണം, അല്ലാഹുവിന്റെ സാമീപ്യം അനുഭവിക്കുന്നവരാണവർ.

കർമങ്ങൾ രഹസ്യമാക്കുന്നത് കൊണ്ട് പല പ്രയോജനങ്ങളുണ്ട്. ഉദാഹരണമായി ദാനധർമം. അത് രഹസ്യമായാണ് നാം ചെയ്യുന്നതെങ്കിൽ ഇഖ്ലാസിന് കളങ്കമേൽക്കുകയില്ല. അതുപോലെ ദാനം ലഭിക്കുന്നവരുടെ അഭിമാനം സംരക്ഷിക്കപ്പെടുകയും ചെയ്യുന്നു. അതീവ രഹസ്യമായി ദാനം ചെയ്യുന്നവരെ അന്ത്യനാളിൽ തണൽ ലഭിക്കുന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയത് എന്തുകൊണ്ടാണെന്ന് ഇതിൽ നിന്ന് ഊഹിക്കാവുന്നതാണ്. മറ്റുള്ളവർക്ക് പ്രചോദനമാവാൻ വേണ്ടിയാണ് പലപ്പോഴും പലതും പരസ്യപ്പെടുത്താറുള്ളത്. അതിനാൽ അത് തെറ്റല്ല. പക്ഷേ, അത് മറ്റൊരു തെറ്റിന് കാരണമാവുന്ന രൂപത്തിലാവരുതെന്നുമാത്രം. ■